കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്തനിവാരണവകുപ്പ്- കോവിഡ്- 19 നിർവ്യാപന പ്രവർത്തനങ്ങൾ -അധിക മാർഗനിർദേശങ്ങൾ- പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

## ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ . (ആർ.ടി ) നം.585/2021/ ദു.നി.വ തീയതി28/08/2021

---

പരാമർശം.: 1. 04.08.2021 തീയതിയിലെസ.ഉ. (ആർ.ടി) നം.564/2021/ദു.നി.വ

2. 07.08.2021 തീയതിയിലെ സ.ഉ (ആർ.ടി) നം.571/2021/ദു.നി.വ

3.10.08.2021 തീയതിയിലെസ.ഉ (ആർ.ടി) നം.575/2021/ദു.നി.വ

4. 27.08.2021 തീയതിയിലെ സ.ഉ (ആർ.ടി) നം.584/2021/ദു.നി.വ

<u>ഉത്തരവ്</u>

സംസ്ഥാനത്തെ കോവിഡ്-19 മഹാമാരിവ്യാപനത്തിൻറെ നിലവിലുള്ള സ്ഥിതി വിലയിരുത്തിയ ശേഷം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ, ദുരന്തനിവാരണ നിയമം, 2005 സെക്ഷൻ 20(3) അധികരിച്ച് താഴെപ്പറയുന്ന അധിക

മാർഗനിർദേശങ്ങൾ നിർവഹണോദ്യാഗസ്ഥർ സംസ്ഥാനത്ത്നടപ്പിലാക്കുന്നതിനായി പുറപ്പെടുവിക്കുന്നു

1. കോവിഡ് -19 ന്റെ തീവ്രവ്യാപനം നിലനിൽക്കുന്ന, പ്രതിവാര രോഗബാധാ - ജനസംഖ്യ അനുപാത നിരക്ക് (WIPR) 7 % ൽ കൂടുതലുള്ള പഞ്ചായത്തുകളിലും നഗരവാർഡുകളിലും തീവ്രവും ശക്തവുമായ ലോക്ക് ഡൌൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതാണ്. 2021 ഓഗസ്റ്റ് 29 മുതൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ഇത്തരം സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും വെബ്സൈറ്റുകളും മാധ്യമങ്ങളും വഴി വിപുലമായി പ്രചരിപ്പിക്കേണ്ടതുമാണ്. നിലവിലുള്ള മാർഗനിർദേശങ്ങൾ അനുസരിച്ച് ഇത്തരം ഭാഗങ്ങളെ ജില്ലാ കളക്ടർമാർ മൈക്രോ കണ്ടൈൻമെൻറ് മേഖലകളായി പ്രഖ്യാപിച്ച് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
2. അഖിലേന്ത്യ ട്രേഡ് പരീക്ഷയ്ക്ക് പങ്കെടുക്കേണ്ട വിദ്യാർത്ഥികൾക്കായി പ്രാക്ടിക്കൽ ക്ലാസ് നടത്തുന്നതിനായി ഐ ടി ഐകൾ തുറന്ന് പ്രവർത്തിക്കാവുന്നതാണ്
3. 2021 ആഗസ്റ്റ് 30 മുതൽ, താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് ഒഴികെ, സംസ്ഥാനത്തിനുള്ളിൽ രാത്രി 10 മണി മുതൽ രാവിലെ 6 മണിവരെയുള്ള യാത്രകൾക്ക് അനുവാദമുണ്ടായിരിക്കുന്നതല്ല.

   i. ചികിത്സാ സംബന്ധിയായ അത്യാവശ്യങ്ങളും, ആശുപത്രികളിൽ രോഗികൾക്ക് കൂട്ടിരിക്കുന്നവരും
   ii. ചരക്ക് വാഹന ഗതാഗതം
   iii. അവശ്യ സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരും തൊഴിലാളികളും
   iv. അടുത്ത ബന്ധുക്കളുടെ മരണവുമായി ബന്ധപ്പെട്ട യാത്രകൾ
   v. ദൂരയാത്രകൾ പുറപ്പെട്ടവർക്ക് അവരുടെ യാത്ര പൂർത്തിയാക്കുന്നതിന്

vi. വിമാനം, ട്രെയിൻ, കപ്പൽ, ദീർഘദൂര സർവീസുകൾ നടത്തുന്ന മറ്റ് പൊതുഗതാഗത മാർഗങ്ങൾ എന്നിവയിൽ കയറുന്നതിന് (യാത്രയ്ക്കുള്ള ടിക്കറ്റ് രേഖയായി കാട്ടി).

അടിയന്തിര ആവശ്യമുള്ള മറ്റെതെങ്കിലും യാത്രകൾ നടത്തേണ്ടി വരുന്നെങ്കിൽ അതിനായി അടുത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

(ഗവർണറുടെഉത്തരവിൻപ്രകാരം)
**ഡോ: വി പി ജോയ്**
ചീഫ് സെക്രട്ടറി

അഡീഷണൽചീഫ്സെക്രട്ടറി, ആഭ്യന്തരവിജിലൻസ് വകുപ്പ്
അഡീഷണൽചീഫ്സെക്രട്ടറി,
റവന്യൂദുരന്തനിവാരണവകുപ്പ്
പ്രിൻസിപ്പൽസെക്രട്ടറി, ആരോഗ്യവകുപ്പ്
എല്ലാഅഡീഷണൽചീഫ്സെക്രട്ടറിമാർ/
പ്രിൻസിപ്പൽസെക്രട്ടറിമാർ/ സെക്രട്ടറിമാർ,
എല്ലാവകുപ്പ്തലവന്മാർ,
സംസ്ഥാനപോലീസ്മേധാവിഉൾപ്പെടെ
മെമ്പർസെക്രട്ടറി,സംസ്ഥാനദുരന്തനിവാരണ അതോറിറ്റി
റീജിയണൽഡയറക്ടർ, റിസേർവ്ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർ,
എല്ലാ ജില്ലാപോലീസ്മേധാവികൾ.

പകർപ്പ്:
മുഖ്യമന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറി,

